**ലാലൂർ നിവാസികളെ സംബന്ധിച്ച് സമരത്തിന്റെ വിജയം എന്നത് മാലിന്യം അവിടെ നിന്നും നീക്കം ചെയ്യപ്പെടുന്നത് മാത്രമാണ്. അതിനുവേണ്ടിയുള്ള അവരുടെ ശ്രമത്തിൽ പങ്കാളിയാവുക എന്നതാണ് എന്റെ ലക്ഷ്യം**

**കെ. വേണു / കേരളീയം**

# ഉറപ്പുകളല്ല ഇനി വേണ്ടത്

**എന്തുകൊണ്ടാണ് ലാലൂർ പ്രശ്നത്തിൽ അനിശ്ചിതകാല നിരാഹാരസമരം നടത്താൻ തീരുമാനിച്ചത്?**

24 വർഷമായിട്ടും പരിഹരിക്കപ്പെടാതെ തുടരുന്ന പ്രശ്നമാണ് ലാലൂർ. മാത്രല്ല, പ്രശ്നം കൂടുതൽ രൂക്ഷമായിത്തീർന്നിരിക്കുകയും ചെയ്യുന്നു. രണ്ട് മുന്നണികളും അധികാരത്തിലിരുന്നിട്ടും പ്രശ്നപരിഹാരത്തിന് അധികാരികളുടെ ഭാഗത്ത് നിന്നും ഉത്തരവാദിത്തപൂർണമായ ശ്രമങ്ങൾ ഒന്നുമുണ്ടായില്ല. അച്യുതാനന്ദൻ സർക്കാറിന്റെ കാലത്ത് മുഖ്യമന്ത്രി മുൻകൈയെടുത്ത് ലാംപ്സ് എന്ന വികേന്ദ്രീകൃത സംസ്കരണ പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിരുന്നു. പക്ഷെ അന്ന് കോർപ്പറേഷൻ ഭരിച്ചിരുന്ന ഇടത് മുന്നണിക്ക് അതിന് കഴിഞ്ഞില്ല. ലാലൂർ പ്രശ്നത്തിലെ ഇടതുമുന്നണിയുടെ നിഷ്ക്രിയത്വം ഉയർത്തിക്കാട്ടി അധികാരത്തിൽ വന്ന യു.ഡി.എഫും ലാംപ്സ് നടപ്പിലാക്കാൻ വേണ്ടി ഒന്നും ചെയ്തില്ലെന്ന് മാത്രമല്ല വ്യാപാരി വ്യവസായികളുമായി ചേർന്ന് അതിനെ തുരങ്കം വയ്ക്കാനാണ് അവർ ശ്രമിക്കുന്നത്. ഉമ്മൻചാണ്ടി അധികാരത്തിൽ വന്ന ശേഷം ലാലൂർ സന്ദർശിക്കുകയും പ്രശ്നത്തിന്റെ ഗുരുതരാവസ്ഥ മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരത്ത് യോഗം വിളിച്ചുചേർക്കുകയും ചെയ്തു. പുല്ലഴിയിൽ നിന്നും വെങ്കിടങ്ങിലേക്ക് കോൾപ്പാടത്തിലൂടെ കടന്നുപോകുന്ന റോഡിന്റെ നിർമ്മാണത്തിനായി ഉപയോഗിച്ചുകൊണ്ട് ലാലൂരിലെ മാലിന്യമല പൂർണ്ണമായും നീക്കം ചെയ്യാനും ലാംപ്സ് പ്രകാരം തീരുമാനിച്ചിരുന്ന സംസ്കരണകേന്ദ്രങ്ങളിൽ രണ്ടെണ്ണം തുടങ്ങാനുള്ള നടപടികൾ 2012 ജനുവരി 1ന് മുമ്പ് ആരംഭിക്കാനും ആ യോഗത്തിൽ തീരുമാനിച്ചു.

എന്നാൽ 2012 ഫെബ്രുവരിയായിട്ടും ഈ തീരുമാനങ്ങൾ നടപ്പിലാക്കാൻ കോർപ്പറേഷന്റെ ഭാഗത്ത് നിന്നും നടപടിയൊന്നും ഉണ്ടായില്ല. സംഭവം മുഖ്യമന്ത്രിയെ അറിയിച്ചപ്പോൾ താൻ നിസ്സഹായനാണെന്നാണ് അദ്ദേഹം സമരസമിതിയെ അറിയിച്ചത്. അത്തരമൊരു സാഹചര്യത്തിൽ മറ്റുപോംവഴികളൊന്നുമില്ലാതെ സമരസമിതി വൈസ് ചെയർമാൻ അഡ്വ. രഘുനാഥ് കഴുങ്കിൽ അനിശ്ചിതകാല നിരാഹാര സമരം തുടങ്ങാൻ തീരുമാനിച്ചു. അതിനിടെ ലാലൂരിലെ മാലിന്യമലയ്ക്ക് തീ പിടിക്കുകയും ഒരാഴ്ചയോളം പ്രദേശമാകെ വിഷപ്പുകയിൽ മുങ്ങുകയും ചെയ്തു. ആ സമയത്ത് സമരാലോചനയ്ക്കായി നടത്തിയ സമരസഹായസമിതി യോഗത്തിൽ പങ്കെടുക്കുന്നതിനായി ഞാൻ ലാലൂർ സന്ദർശിച്ചു. പുകയിൽ മുങ്ങിയ ലാലൂർ നിവാസികളുടെ ദുരിതം നേരിൽ കാണുകയും കേൾക്കുകയും ചെയ്ത ഞാൻ അനിശ്ചിതകാല നിരാഹാരസമരം നടത്താൻ സ്വയം തീരുമാനിച്ചു. സമരസമിതി അത് അംഗീകരിച്ചു. എന്റെ നിരാഹാര സമരം പ്രശ്നപരിഹാരത്തെ കുറച്ചുകൂടി വേഗത്തിലാക്കുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്.

**പ്രശ്നം പരിഹരിക്കുന്നതിനായി കോർപ്പറേഷൻ വീണ്ടും ചില ഉറപ്പുകൾ മുന്നോട്ട് വയ്ക്കാനാണല്ലോ സാധ്യത. കാലാകാലങ്ങളായി നിരവധി ഉറപ്പുകൾ വയ്ക്കുകയും ഒന്നും നടക്കാതെ പോവുകയും ചെയ്തിട്ടുണ്ട്. അത്തരമൊരും സാഹചര്യം നിലനിൽക്കുമ്പോൾ എന്ത് ഉറപ്പിന്റെ അടിസ്ഥാനത്തിലാണ് താങ്കൾ സമരം നിറുത്താൻ പോകുന്നത്?**

ഉറപ്പുകളൊന്നും ഇനി ആവശ്യമില്ല. ലാലൂരിലെ മാലിന്യമല അവിടെ നിന്നും എത്രയും വേഗം നീക്കം ചെയ്യണം. ഒരുലോറിയെങ്കിലും മാലിന്യവുമായി ലാലൂർ ട്രഞ്ചിംഗ് ഗ്രൗണ്ടിൽ നിന്നും പുറത്തുപോകാതെ ഞാൻ ഉപവാസം അവസാനിപ്പിക്കില്ല. ലാലൂർ നിവാസികളെ സംബന്ധിച്ച് സമരത്തിന്റെ വിജയം എന്നത് മാലിന്യം അവിടെ നിന്നും നീക്കം ചെയ്യപ്പെടുന്നത് മാത്രമാണ്.

**ലാലൂർ സമരത്തിൽ മുൻപ് സജീവമായി പങ്കെടുത്തിട്ടുണ്ടോ?**

1988ലാണ് സമരം തുടങ്ങുന്നത്. സമരസമിതി രൂപീകരിക്കുകയും നാട്ടുകാർ സമരത്തിലിറങ്ങുകയും ചെയ്യുന്നത് അന്നാണ്. സമരസമിതി രൂപീകരിച്ചപ്പോൾ ഞാൻ അതിൽ അംഗമാകേണ്ടതില്ല എന്ന് തീരുമാനിച്ചു. കാരണം നക്സലൈറ്റ് പ്രസ്ഥാനത്തിൽ ഞാൻ തുടരുന്ന കാലമാണത്. തീവ്രഇടതുപക്ഷക്കാരുടെ സമരമാണ് എന്ന ആരോപണം ലാലൂർ സമരത്തിന് ഉണ്ടാകാതിരിക്കാനാണ് ഞാൻ സമരസമിതിയിൽ അംഗമാകാതിരുന്നത്.



അനിശ്ചിതകാല ഉപവാസ സത്യാഗ്രഹം സക്കറിയ ഉദ്ഘാടനം ചെയ്യുന്നു

അന്ന് സമരത്തിന്റെ മുൻപന്തിയിലുണ്ടായിരുന്നതെല്ലാം തീവ്രഇടത് നിലപാടുള്ളവരായിരുന്നു. എ.വി. ആര്യനായിരുന്നു സമരം തുടങ്ങുമ്പോൾ നേതൃത്വത്തിലുണ്ടായിരുന്നത്. മാർക്സിസ്റ്റുകാർക്ക് ആര്യനോട് ശത്രുതയുണ്ട്. അതുകൊണ്ട് അവർ സമരത്തിനോട് അത്ര താത്പര്യം കാണിച്ചിരുന്നില്ല. നക്സലൈറ്റുകാരോടും അവർക്ക് വിരോധമുണ്ടായിരുന്നു. ഞാൻ മാറിനിന്നില്ലെങ്കിൽ അതിന്റെ പേരിൽ ഇടതുപക്ഷം സമരത്തിൽ നിന്നും വീണ്ടും അകലും എന്നതായിരുന്നു അന്നത്തെ സാഹചര്യം. ലാലൂർ സമരത്തിനോട് ആ വിരോധം ഇന്നും മാർക്സിസ്റ്റു പാർട്ടിക്കുണ്ട്. സമരസഹായസമിതിയിൽ ഞാൻ എല്ലാക്കാലവും സജീവമായുണ്ടായിരുന്നു.

**ഇത്രകാലം കഴിഞ്ഞിട്ടും ലാലൂർ സമരം വിജയം കാണാത്തതെന്തുകൊണ്ടാണ്?**

സാധ്യമായിരുന്ന കാര്യങ്ങൾ പോലും അധികാരികൾ ചെയ്യാതെ പോയി എന്നതാണ് സമരം ഇന്നും തുടരാൻ കാരണം. രാഷ്ട്രീയ കാരണങ്ങളാൽ മാർക്സിസ്റ്റുപാർട്ടി വിട്ടുനിന്നതും പ്രശ്നപരിഹാരത്തിന് തടസ്സമായി. തൃശൂർ മുനിസിപ്പാലിറ്റിയായിരുന്ന കാലത്ത് യു.ഡി.എഫ് മാത്രമാണ് ഭരിച്ചിരുന്നത്. എന്നിട്ടുപോലും സി.പി.എം സമരവുമായി സഹകരിച്ചിരുന്നില്ല. സമരസമിതിയുടെ മുൻകൈയിൽ പരിഹാരമുണ്ടാകുന്നതിൽ ഇടതുപക്ഷത്തിന് താത്പര്യമില്ല. അധികാരത്തിൽ വന്ന ശേഷവുംഅവർ നിഷ്ക്രിയരായിരുന്നു. നാട്ടുകാരുടെ മുൻകൈയിലുള്ള താരതമ്യേനെ ചെറിയ സമരസമിതിയായിരുന്നു എല്ലാകാലത്തും സമരം നയിച്ചിരുന്നത്. മാലിന്യം പ്രശ്നം രൂക്ഷമാകുമ്പോൾ മാത്രം സമരം ശക്തമാകുന്ന അവസ്ഥയാണ് നാളുകളായി ലാലൂരിൽ നിലനിൽക്കുന്നത്. അതുതന്നെയാണ് സമരം നീണ്ടുപോകുന്നതിനുള്ള കാരണം.

**ലാംപ്സ് നിരവധി പരിമിതികളുള്ള പദ്ധതിയാണെന്ന് പലരും ചൂണ്ടിക്കാണിച്ചിട്ടുണ്ടല്ലോ. അത് നടപ്പിലാക്കണമെന്ന് ആവശ്യപ്പെടുന്നത് വീണ്ടും പ്രശ്നങ്ങൾ സൃഷ്ടിക്കില്ലേ?**

ലാംപ്സിനോട് എനിക്കും പൂർണ്ണമായി യോജിപ്പില്ല. ദീർഘകാലാടിസ്ഥാനത്തിൽ അത് തികച്ചും നല്ല പദ്ധതിയാണ്. വികേന്ദ്രീകൃതമാണ്. മാലിന്യസംസ്കരണത്തിനുള്ള സാങ്കേതികവിദ്യ എന്താണെന്ന് പത്തിയൂർ വ്യക്തമാക്കുന്നില്ല എന്നതാണ് പദ്ധതിയുടെ പ്രധാന പരിമിതി. ജനങ്ങളുടെ പങ്കാളിത്തവും പദ്ധതിയുടെ വിജയത്തിലെ പ്രധാനഘടകമാണ്. നിരവധി കാര്യങ്ങൾ നന്നായി നടന്നാൽ മാത്രമെ ലാംപ്സ് വിജയിക്കുകയുള്ളൂ. ഒരു പദ്ധതിയും നല്ലതുപോലെ നടത്താൻ കഴിയാത്ത കോർപ്പറേഷൻ അതെല്ലാം മോണിറ്റർ ചെയ്യുമോ എന്നതിൽ എനിക്ക് സംശയമുണ്ട്. എന്നാൽ ഏറെനാൾ സമരം ചെയ്ത് നേടിയെടുത്ത ഒരു പദ്ധതിയായാണ് ലാലൂർ സമരസമിതി ലാംപ്സിനെ കാണുന്നത്. അവർ പദ്ധതി അംഗീകരിക്കുകയും ചെയ്തതാണ്. അതുകൊണ്ട് അത് നടപ്പിലാകാതെ പോകുന്നത് അവരെ സംബന്ധിച്ച് വലിയ തിരിച്ചടിയാണ്. ലാംപ്സ് നടപ്പിലാക്കണമെന്ന ആവശ്യം മുന്നോട്ട് വയ്ക്കുന്നതും അതുകൊണ്ടാണ്. ലാംപ്സ് യാഥാർത്ഥ്യമായാൽ ലാലൂർ നിവാസികൾ വർഷങ്ങളായി അനുഭവിക്കുന്ന ദുരിതം പരിഹരിക്കാൻ അത് അവസരമൊരുക്കും. മാലിന്യം അവിടെനിന്നും പോകും. മാലിന്യം കത്തുകയും പുക രൂക്ഷമാവുകയും ചെയ്ത സാഹചര്യത്തിൽ മാലിന്യമല നീക്കം ചെയ്യപ്പെടുക എന്നത് പ്രധാനമാണ്. വ്യാപാരി വ്യവസായികളുടെ താത്പര്യം സംരക്ഷിക്കാനാണ് കോർപ്പറേഷൻ ശ്രമിക്കുന്നത്. അവർ കൗൺസിലിൽ ലാംപ്സ് നടപ്പിലാക്കുന്നതിനെക്കുറിച്ച് ചർച്ച ചെയ്യാൻ തയ്യാറാകുന്നതേയില്ല.

**മലയാളികളുടെ ഉപഭോഗം വർദ്ധിച്ചുവരുന്നതിനനുസരിച്ച് മാലിന്യങ്ങളും വർദ്ധിക്കുന്നുണ്ട്. ആ സാഹചര്യത്തിൽ മാലിന്യം എങ്ങനെ കുറയ്ക്കാം എന്ന ആലോചനയും പ്രധാനമല്ലേ? മാലിന്യം കൂടിക്കൊണ്ടിരിക്കുകയും കൂടുന്നതിനനുസരിച്ച് പരിഹരിക്കാൻ ശ്രമിക്കുകയും ചെയ്യുന്നതിന് പരിധിയില്ലേ?**

തീർച്ചയായും. പ്ലാസ്റ്റിക്കിന്റെ ഉപയോഗവും ഉത്പാദനവും നിയമപരമായി തന്നെ കുറയ്ക്കേണ്ടിയിരിക്കുന്നു. പ്ലാസ്റ്റിക് സംസ്കരിക്കുന്നതാണ് പ്രധാനപ്രശ്നം. പ്ലാസ്റ്റിക് കത്തിക്കുന്നത് വലിയ ദോഷമാണ്. പ്ലാസ്റ്റിക് കത്തുമ്പോഴുണ്ടാകുന്ന ഡയോക്സിൻ ഗുരുതരമായ ആരോഗ്യപ്രശ്നങ്ങളുണ്ടാക്കും. മാർക്കറ്റിൽ പോകുമ്പോൾ തുണിസഞ്ചി കൈയിൽ കരുതുക എന്നത് പോലും പ്രധാനകാര്യമാണ്. ഞാൻ തുണിസഞ്ചി കൈയിൽ കരുതുന്നയാളാണ്. പലരും ഇപ്പോൾ അത് ഒരു ശീലമാക്കുന്നുണ്ട്. ഗാർഹികമായുണ്ടാകുന്ന ജൈവ മാലിന്യങ്ങൾ സംസ്കരിക്കുന്നതിനും നമുക്ക് നിരവധി ചെറിയ സാങ്കേതികവിദ്യകൾ ലഭ്യമാണ്. രണ്ട് മൺപാത്രങ്ങൾ മാത്രമുണ്ടെങ്കിൽ കമ്പോസ്റ്റുണ്ടാക്കാൻ കഴിയും. കൊച്ചി നഗരത്തിലെ നിരവധി ഫ്ളാറ്റുകളിൽ ക്രെഡായി എന്ന

# ലാലൂരിന് തടസ്സം നിൽക്കുന്നവർ

## സക്കറിയ

**മാറിവരുന്ന** ഭരണകൂടങ്ങൾക്കെതിരെ നിരന്തരം സമരം ചെയ്യുന്ന ജനതയായി കേരളീയർ മാറിക്കഴിഞ്ഞിരിക്കുന്നു. ലാലൂരും അതിലൊന്നാണ്. ജനപ്രതിനിധികളോ രാഷ്ട്രീയപാർട്ടികളോ ഈ സമരങ്ങൾക്കൊപ്പം നിൽക്കാൻ തയ്യാറായിട്ടില്ല. മനുഷ്യന്മാർക്കൊപ്പം എങ്ങനെ നിൽക്കണം എന്നതിൽ അവർക്ക് സംശയമുണ്ട്. അതിൽ നിന്നും അവർ ഒഴിഞ്ഞുമാറുന്നു.

മനുഷ്യന്റെ ആവശ്യങ്ങൾ വർദ്ധിക്കും തോറും അവൻ നിർമ്മിക്കുന്ന പാഴ്‌വസ്തുക്കളും വർദ്ധിക്കും എന്നത് സ്വാഭാവികമായ കാര്യമാണ്. മനുഷ്യരോട് പ്രതിബദ്ധതയുള്ള സമൂഹങ്ങൾ ഈ  മാലിന്യങ്ങൾ സംസ്കരിക്കുന്നതിനുള്ള ഫലപ്രദമായ മാർഗ്ഗങ്ങൾ കണ്ടെത്തിയിട്ടുണ്ട്. അത്തരം മാർഗ്ഗങ്ങൾ അവലംബിക്കാനും അത് ഫലപ്രദമായി മുന്നോട്ട് കൊണ്ടുപോകാനുമുള്ള ഇച്ഛാശക്തിയാണ് നമുക്ക് ആവശ്യം. മാലിന്യസംസ്കരണ പ്ലാന്റ് ജനദ്രോഹകരമല്ലാതെ പ്രവർത്തിപ്പിക്കാൻ സാധിക്കും. ലോകത്ത് പലയിടത്തും അത് സംഭവിക്കുന്നുണ്ട്. നമുക്കും സാധ്യമാണ്. എല്ലാവർക്കും അവരുണ്ടാക്കുന്ന മാലിന്യങ്ങൾ സംസ്കരിക്കാൻ സാധിക്കണമെന്നില്ല. അതുകൊണ്ടാണ് നമ്മൾ ഭരണകൂടങ്ങളെ ആശ്രയിക്കുന്നത്.

ഈ കോർപ്പറേഷനിൽ ഇരിക്കുന്നത് നമ്മൾ തിരഞ്ഞെടുത്ത ജനപ്രതിനിധികളും നമ്മുടെ പണത്തിൽ നിന്നും ശമ്പളം പറ്റുന്ന ഉദ്യോഗസ്ഥന്മാരുമാണ്. എത്രയോ കോടികൾ അവർ ലാലൂരിൽ ചിലവഴിച്ചുകഴിഞ്ഞു. എന്നിട്ടും 25 വർഷം കഴിഞ്ഞിട്ടും ഒരു മാറ്റവും വരാത്തതെന്താണ്? ജനങ്ങൾക്ക് പ്രശ്നമുണ്ടാക്കാത്ത, പരിസ്ഥിതി സൗഹൃദപരമായ പദ്ധതിക്ക് ആരാണ് തടസ്സം നിൽക്കുന്നത്? ആരുടെയോ കറുത്തകൈകൾ എല്ലാ സാധ്യതകളേയും ഇല്ലാതാക്കുന്നു. അത് ആരുടേതെന്ന് അന്വേഷിച്ച് നീണ്ട യാത്ര നടത്തേണ്ടതില്ല. ആ കള്ളന്മാർ നമ്മുടെ കപ്പലുകളിൽ തന്നെയാണുള്ളത്. പൗരന്മാരായ നിങ്ങൾ പ്രശ്നപരിഹാരത്തിന് ഉത്തരവാദിത്തം ഏൽപ്പിച്ചവർ തന്നെയാണ് ആ കള്ളന്മാർ. അവർ നിങ്ങളുടെ കൺമുന്നിലുണ്ട്. ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥന്മാരുടെയും അഴിമതിയും കാപട്യവുമാണ് 25 വർഷമായി ലാലൂർ പ്രശ്നം പരിഹരിക്കപ്പെടാതെ തുടരുന്നതിന് പിന്നിൽ പ്രവർത്തിക്കുന്നത്. ഇത്തരം ദുഃസഹനീയമായ അവസ്ഥകളാണ് ജനകീയ സമരങ്ങളെ ശക്തിപ്പെടുത്തുന്നത്. രാഷ്ട്രീയപാർട്ടികൾ നടത്തുന്ന പ്രഹസന സമരങ്ങളല്ല യഥാർത്ഥ സമരങ്ങൾ എന്ന് ഈ ജനകീയ സമരങ്ങൾ വെളിപ്പെടുത്തുന്നു. അതാണ് അവയുടെ പ്രസക്തിയും. മാധ്യമങ്ങൾ ഇത്തരം ജനകീയ സമരങ്ങൾക്കൊപ്പം നിൽക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നില്ല. കാരണം മാധ്യമങ്ങളുടെ താത്പര്യങ്ങൾ ജനങ്ങൾക്കെതിരെ നിൽക്കുന്ന ശക്തികൾക്കൊപ്പമാണ്, ജനങ്ങൾക്കൊപ്പമല്ല. എന്നാൽ ലാലൂർ സമരത്തിന് മാധ്യമങ്ങളുടെ പിന്തുണ ലഭിക്കട്ടെ എന്ന് ഞാൻ ആത്മാർത്ഥമായി ആഗ്രഹിക്കുന്നു. ഇനിയും ലാലൂരുകളും വിളപ്പിൽശാലകളും ഉണ്ടാകാതിരിക്കാനുള്ള സമരമായി ഇത് മാറട്ടെ എന്ന് ഞാൻ ആശംസിക്കുന്നു.

*(2012 ജനുവരി 14ന് തൃശൂർ കോർപ്പറേഷൻ ഓഫീസിന് മുന്നിൽ ആരംഭിച്ച കെ. വേണുവിന്റെ ഉപവാസസമരം ഉദ്ഘാടനം ചെയ്ത് നടത്തിയ പ്രസംഗത്തിന്റെ സംഗ്രഹം)*

സംഘടന ആ മാതൃക വിജയകരമായി ചെയ്യുന്നുണ്ട്. ബയോഗ്യാസ് പ്ലാന്റുണ്ടാക്കുന്നതും നല്ല മാർഗ്ഗമാണ്. ചെറിയ ശ്രദ്ധ മാത്രം മതി അത് നന്നായി ചെയ്യാൻ. ഒരു ക്യുബിക് മീറ്ററിന്റെ പ്ലാന്റ് വീടുകളിൽ നിർമ്മിക്കാൻ സർക്കാർ 5000 രൂപ സബ്സിഡി നൽകുന്നുണ്ട്. എന്നാൽ സബ്സിഡി കിട്ടുന്നതിനായി പലരും അപേക്ഷ നൽകുകയും പ്ലാന്റ് പ്രവർത്തിപ്പിക്കാതിരിക്കുകയും ചെയ്യുന്ന സാഹചര്യമാണ് നിലനിൽക്കുന്നത്. ഹോട്ടലുകൾക്ക് ബയോഗ്യാസ് പ്ലാന്റ് നിർബന്ധമാക്കണം. തിരുവനന്തപുരം നഗരസഭ അത്തരത്തിലുള്ള ഒരു സർക്കുലർ ഇറക്കിയപ്പോഴാണ് മറ്റൊരു വസ്തുത വെളിപ്പെടുന്നത്. നഗരത്തിലെ 90 ശതമാനം ഹോട്ടലുകളും പ്രവർത്തിക്കുന്നത് വാടകകെട്ടിടത്തിലാണ്. 10 ക്യുബിക് മീറ്ററെങ്കിലും വലിപ്പമുള്ള ബയോഗ്യാസ്പ്ലാന്റ് ഉണ്ടെങ്കിൽ മാത്രമെ ഹോട്ടലുകൾക്ക് അവരുടെ മാലിന്യം കൈകാര്യം ചെയ്യാൻ കഴിയുകയുള്ളൂ. അത്രയും സ്ഥലം വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഹോട്ടലുകൾക്ക് ഉണ്ടാകണമെന്നില്ല. അത്തരം കാരണങ്ങളാൽ കേന്ദ്രീകൃത സംവിധാനം വേണ്ടിവരുമെന്ന് തന്നെയാണ് ഞാൻ കരുതുന്നത്. എന്നാൽ മാലിന്യം കുറയ്ക്കുന്നതിനും ഉറവിടത്തിൽ തന്നെ പരിഹരിക്കുന്നതിനും ജനങ്ങളുടെ മുൻകൈ വേണം.

**മാലിന്യത്തോടുള്ള കേരളീയ സമൂഹത്തിന്റെ സമീപനവും പ്രശ്നമായി മാറുന്നില്ലേ?**

തീർച്ചയായും. പൗരബോധത്തിന്റെ കുറവ് നമ്മുടെ സമൂഹത്തിൽ വളരെ കൂടുതലാണ്. മാലിന്യം പൊതുനിരത്തുകളിൽ കുന്നുകൂടുന്നതിന്റെ പ്രധാനകാരണവും അതാണ്. മാലിന്യം വേർതിരിച്ച് ശേഖരിക്കുന്നതിനായി വ്യത്യസ്ത തരത്തിലുള്ള ടിന്നുകൾ കൊടുത്തിട്ടും മിക്കവരും അങ്ങനെ ചെയ്യാറില്ല.  ജൈവ-അജൈവ മാലിന്യങ്ങൾ വേർതിരിക്കപ്പെടേണ്ടുന്നതിന്റെ പ്രാധാന്യമൊന്നും പലരും തിരിച്ചറിയുന്നതേയില്ല. കൂട്ടായ ചുമതലാബോധത്തിലല്ല, ഭരണകൂടത്തെ എല്ലാ ഉത്തരവാദിത്തവുമേൽപ്പിച്ച് നിഷ്ക്രിയരായിരിക്കുന്നതിലാണ് ബഹുഭൂരിപക്ഷം പേരും താത്പര്യം കാണിക്കുന്നത്.

**ജനങ്ങളുടെ ഉത്തരവാദിത്തവും പങ്കാളിത്തവും ഉറപ്പാക്കുന്ന ദീർഘകാല പരിപാടികളായിരിക്കില്ലേ ജനാധിപത്യ സമൂഹത്തിന് ഏറ്റവും അനുയോജ്യം?**

ദീർഘകാലാടിസ്ഥാനത്തിലുള്ള ജനകീയ പരിഹാരം വേണമെന്ന് വിശ്വസിക്കുന്ന ആളാണ് ഞാൻ. ജനാധിപത്യ ഭരണ സംവിധാനങ്ങൾക്ക് അതിന് മേൽനോട്ടം വഹിക്കാനുള്ള പ്രാപ്തിയുണ്ടോ എന്ന കാര്യത്തിലാണ് എനിക്ക് സംശയമുള്ളത്. ഓരോ വാർഡ് തലത്തിലും കൗൺസിലർമാരുടെ മുൻകൈയിൽ നടക്കേണ്ട പ്രവർത്തനമാണത്. നമ്മുടെ കൗൺസിലർമാർക്ക് അതിന് കഴിയുമോ എന്ന കാര്യത്തിൽ എനിക്ക് അതിയായ സംശയമുണ്ട്. അഴിമതി നടത്താൻ മാത്രം അറിയാവുന്ന ഒരു വിഭാഗമായി അവർ മാറിക്കഴിഞ്ഞിരിക്കുന്നു. ജില്ലാ ജഡ്ജി ലാലൂർ നിവാസികളുടെ ദുരിതങ്ങൾ നേരിൽ കണ്ട് ഹൈക്കോടതിയെ അറിയിക്കുകയും ഹൈക്കോടതി അടിയന്തിരമായി പ്രശ്നം പരിഹരിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തിട്ട് ഒന്നും ചെയ്യാത്ത കോർപ്പറേഷൻ ഭരണമാണ് നമുക്കുള്ളത്. ജനങ്ങളുടെ ഉത്തരവാദിത്തം ഉറപ്പാക്കുന്ന പദ്ധതികൾ നടത്താൻ അവർക്കെങ്ങനെ കഴിയും?